(എ) ആറൻമുള ഗ്രാമപഞ്ചായത്തിലെ കോഴിപ്പാലം, എരുമനാട്, കിടങ്ങന്നൂർ ഭാഗത്തുള്ള പുഞ്ചപ്പാടങ്ങളിൽ പി.ഐ.പി. കനാലിലെ ചോർച്ചകാരണം വെള്ളം കെട്ടിനിൽക്കുന്നതുകൊണ്ട് പുഞ്ചകൃഷി നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.ഐ.പി. കനാലിലൂടെ വെള്ളം ശക്തമായി തുറന്നുവിടുന്നതുകൊണ്ടും കനാലിന്റെ മെയിന്റനൻസ് യഥാസമയം നടത്താത്തതുകൊണ്ടുമാണ് വെള്ളം ചോർന്ന് പാടങ്ങളിൽ കെട്ടിക്കിടക്കുന്നതെന്ന് അറിയാമോ;

(സി) ഈ പാടശേഖരങ്ങളിൽ പുഞ്ചക്കൃഷി എടുക്കുന്നതിന് സഹായകരമായ രീതിയിൽ പാടങ്ങളിൽ കെട്ടിക്കിടക്കുന്ന വെള്ളം പമ്പ് ചെയ്തുകളയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പി.ഐ.പി. കനാലിന്റെ മെയിന്റനൻസ് അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ചെങ്ങന്നൂർ പി.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുമോ;

(ഇ) ഈ പ്രശ്നം പരിഹരിക്കുന്നതിന് പുഞ്ചക്കൃഷിക്കാരുടെ യോഗം വിളിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.ഐ.പി. കനാലിൽക്കൂടി രൂപകൽപന പ്രകാരം തുറന്നുവിടാവുന്ന ജലം കനാലിന്റെ ശോച്യാവസ്ഥ കാരണം വിടാറില്ല. ഫണ്ടിന്റെ കുറവ് കാരണം അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുവാൻ കഴിയുന്നില്ല. കൂടാതെ പ്രസ്തുത പാടശേഖരങ്ങളിലെ പല നീരൊഴുക്ക് തോടുകളും കയ്യേറ്റം ചെയ്യപ്പെട്ട് ചെറുതായും നിരന്നും കിടക്കുകയാണ്.

(സി) കിടങ്ങന്നൂർ പാടശേഖരങ്ങളിലെ ഏകദേശം 170 ഹെക്ടർ പ്രദേശത്തെ കൃഷി കാര്യക്ഷമമാക്കുന്നതിനും വെള്ളക്കെട്ട് നിർമ്മാർജ്ജനത്തിനുമായി 'കാഡ്' പദ്ധതിയുടെ 'റിക്ലമേഷൻ' സ്കീമിൽ ഉൾപ്പെടുത്തി ഉദ്ദേശം അടങ്കൽ അനുസരിച്ച് 20 ലക്ഷം രൂപ ചെലവ് ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വിശദമായ സർവ്വേ ജോലികൾ വേനൽക്കാലത്ത് മാത്രമേ നടത്തുവാൻ കഴിയുകയുള്ളൂ. കൂടാതെ ഈ പ്രദേശത്തുള്ള കൃഷിക്കാരുടെ സമിതികൾ 'കാഡ്' സ്കീം പ്രകാരം രജിസ്റ്റർ ചെയ്യപ്പെടേണ്ടതും പ്രവർത്തിക്കപ്പെടേണ്ടതുമാണ്. ഈ പ്രദേശത്തുള്ള മിക്ക കൃഷിക്കാരും കൃഷിപ്പണികളോട് വിമുഖത കാണിക്കുന്നതായാണ് മനസ്സിലാക്കുന്നത്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കനാലിന്റെ മെയിന്റനൻസ് പണികൾ നടത്തുന്നതാണ്.

(ഇ) സ്വീകരിക്കുന്നതാണ്.

(1856) ജലസേചനവകുപ്പ് പിറവത്ത് നിർമ്മിക്കുന്ന ഐ.ബി. യുടെ നിർമ്മാണം.

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ജലസേചനവകുപ്പ് പിറവത്ത് നിർമ്മാണം ആരംഭിച്ച ഐ.ബി. യുടെ പണി നിർത്തി വയ്ക്കാനുണ്ടായ കാരണമെന്താണെന്ന് അറിയിക്കുമോ;

(ബി) എന്നാണ് പണികൾ നിർത്തിവച്ചത്;

(സി) നിർമ്മാണപ്രവർത്തനം സംബന്ധിച്ച എന്തെങ്കിലും ആക്ഷേപത്തെക്കുറിച്ച് പോലീസ് വിജിലൻസ് വിഭാഗം അന്വേഷിക്കുകയും അന്വേഷണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അവർ എന്താണ് പറഞ്ഞിട്ടുള്ളത്;

(ഇ) ഈ ജോലി ഏത് ഷെഡ്യൂൾ അനുസരിച്ചാണ് ടെൻഡർ ചെയ്തിട്ടുള്ളത്;

(എഫ്) ടെൻഡർ ഫൈനലൈസ് ചെയ്തപ്പോൾ എന്ത് തുകയ്ക്ക് ഏത് കരാറുകാരനാണ് നൽകിയത്;

(ജി) മുടങ്ങിക്കിടക്കുന്ന പണികൾ ഇതേ കരാറുകാരൻ തന്നെ പുനരാരംഭിക്കുമോ; ഈ പണികൾ റീ-ടെൻഡർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ റീ ടെൻഡർ വ്യവസ്ഥകൾ സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണം നടന്നുവരുന്നതുകൊണ്ടാണ് ഐ. ബി. യുടെ പണി നിർത്തിവച്ചിരിക്കുന്നത്.

(ബി) 8/96 മുതലാണ് പണികൾ നിർത്തിവച്ചത്.

(സി)&(ഡി) നടന്നുകൊണ്ടിരിക്കുന്ന വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) 1992-ലെ ഷെഡ്യൂൾ നിരക്ക് അനുസരിച്ചാണ് പണികൾ ടെൻഡർ ചെയ്തിട്ടുള്ളത്.

(എഫ്) 38,65,666 രൂപയ്ക്ക് ശ്രീ. ബെന്നി മാർക്കോസ് എന്ന കരാറുകാരനാണ് പണി നൽകിയത്.

(ജി) വിജിലൻസ് അന്വേഷണം മൂലം തടസ്സപ്പെട്ടുകിടക്കുന്ന പണികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(1858) പമ്പാ നദിയുടെ തീരത്തു സംരക്ഷണ ഭിത്തി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ നദിയുടെ തീരം ഇടിയുന്നതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ടു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇടിയുന്ന ഭാഗങ്ങളിൽ സംരക്ഷണഭിത്തി കെട്ടുവാൻ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(സി) കേന്ദ്രസർക്കാർ സഹായത്തോടെ സംരക്ഷണ ഭിത്തി കെട്ടുവാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly